# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 87 08.02.2016 ലെ മറുപടിക്ക്

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

മറുപടി

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

## ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള പദ്ധതികൾ

| | | |
|---|---|---|
| (എ) | അടുത്ത കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് കാണിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവോ; | 2016-17 ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ പല ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച സുപ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനം മുൻഗണന നൽകിയിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ

# <u>അനുബന്ധം</u>

- പൊതുജനാരോഗ്യ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ജനറിക് മെഡിസിനുകളുടെ വിലയുടെ 50 ശതമാനം കേന്ദ്ര സഹായമായി അനുവദിക്കുക.
- സംസ്ഥാന റബ്ബർ വിലസ്ഥിരതാ ഫണ്ടിന് കേന്ദ്രസഹായമായി 500 കോടി രൂപ അനുവദിക്കുക.
- റബ്ബറിന്റെ ഇറക്കുമതിചുങ്കം നിലവിലുള്ള 25 ശതമാനത്തിൽ നിന്നും 40 ശതമാനമായി ഉയർത്തുക.
- മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം.
- തിരുവനന്തപുരം ആർ.സി.സി യെ ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുക.
- ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുക.
- പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണത്തിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുക.
- കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് നടപ്പാക്കുന്നതിനാവശ്യമായ തുക അനുവദിക്കുക.
- കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുക.
- നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുക.
- സ്വച്ഛ്ഭാരത്, തൊഴിലുറപ്പു പദ്ധതികളിൽ തോട്ടം മേഖലയെയും ഉൾപ്പെടുത്തുക.
- ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു കീഴിൽ രജിസ്റ്റർ ചെയ്ത പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുക.
- സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക്വേണ്ടി Income Tax Act -1961, Section-40, Clause (a), Sub clause (iib) ഒഴിവാക്കുക.
- ഭരണഘടനാഭേദഗതിയിലൂടെ ആർട്ടിക്കിൾ 276 (2) പ്രകാരം ഈടാക്കുന്ന തൊഴിൽനികുതിയുടെ ഉയർന്ന പരിധി നിലവിലെ 2500 രൂപയിൽ നിന്നും വർദ്ധിപ്പിക്കുക.

അക്കൗണ്ട്സ് ഓഫീസർ